# കേളകം
# ഗ്രാമ പഞ്ചായത്ത്

# ബഡ്ജറ്റ്
## 2024-2025

# ആമുഖം

ബജറ്റ് അവതരണത്തിന് ആമുഖ പ്രസംഗം നടത്തിയ യോഗാദ്ധ്യക്ഷനും കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ: സി. ടി. അനീഷ്, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മറ്റുദ്യോഗസ്ഥർ മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രിയപ്പെട്ടവരെ. 2024-25 വാർഷിക ബജറ്റ് അവതരണത്തിനുള്ള ഈ പ്രത്യേക ഭരണസമിതി യോഗത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

2020 ഡിസംബർ മാസം അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ നാലാമത്തെ ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിനെതിരെ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തിന്റെ ഘട്ടത്തിലാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. ബി.ജെ.പി. സർക്കാരിന്റെ അപ്രഖ്യാപിത സാമ്പത്തിക ഉപരോധം ഗ്രാമപഞ്ചായത്തുകളെയും ബുദ്ധിമുട്ടിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രതികാര നടപടിക്കെതിരെ ശക്തമായ പ്രതിരോധം തീർക്കേണ്ട കാലത്താണ് നാം ജീവിക്കുന്നത്.

ഉയർന്ന മാനവവികസന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. ആ നേട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള പങ്ക് വളരെ വലുതാണ്. എന്നാൽ പുതിയ കാലത്തിനനുസൃതമായി ജനങ്ങളുടെ വികസന അഭിലാഷങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇതുവരെ നേടിയ നേട്ടങ്ങൾ ഉറപ്പിച്ചും ന്യൂനതകളും പരിമിതികളും മറികടന്ന് വികസനത്തിന്റെ പുതിയ മേഖലകളിലേക്ക് കടക്കാൻ ഒന്നാം പിണറായി സർക്കാർ തീരുമാനിച്ചു. അതിന്റെ ഭാഗമായി നവകേരള സൃഷ്ടിക്കായി സംസ്ഥാന സർക്കാർ നവകേരളം കർമ്മപരിപാടിക്ക് തുടക്കം കുറിച്ചു. അതിന്റെ കീഴിൽ ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിതകേരളം എന്നീ നാല് ഉപമിഷനുകൾ ആരംഭിച്ചു. അതോടൊപ്പം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് രൂപീകരിച്ച കിഫ്ബിയുടെ സഹായത്തോടെ ദേശീയപാതാ വികസനം ഉൾപ്പെടെയുള്ള വലിയ പദ്ധതികളും ഏറ്റെടുത്തു. രണ്ടാം പിണറായി സർക്കാർ നവകേരളം കർമപരിപാടിയോടൊപ്പം അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള പ്രത്യേക പദ്ധതിയും കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റി ഇവിടെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടെ പുതിയ നിരവധി പ്രവർത്തനങ്ങളും ഏറ്റെടുത്തു.ഇതിന്റെയെല്ലാം ഫലമായി വലിയ മുന്നേറ്റമാണ് ക്ഷേമ വികസന മേഖലകളിൽ കഴിഞ്ഞ ഏഴ് വർഷം കൊണ്ട് കേരളത്തിന് ഉണ്ടാക്കാൻ സാധിച്ചത്.

ഈ വികസന ക്ഷേമ പ്രവർത്തനങ്ങളോടൊപ്പം മതനിരപേക്ഷ നിലപാട് ഉയർത്തിപിടിച്ചുകൊണ്ട് രാജ്യത്തിന് മാതൃകയാവുകയാണ് ഇടതുപക്ഷം ഭരിക്കുന്ന കേരളം. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭയമില്ലാതെ ജീവിക്കാൻ പറ്റുന്ന

നാടായി കേരളം ഉയർന്നു നിൽക്കുന്നു. രാജ്യത്ത് വർഗീയ ചേരിതിരിവ് ഇല്ലാത്ത് ഏക സംസ്ഥാനവും കേരളമാണ്.

നവകേരളത്തിനായി ജനകീയാസൂത്രണം എന്ന ആശയത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നവകേരളം കർമപദ്ധതിക്ക് ശക്തമായ പിന്തുണ കൊടുത്തുകൊണ്ട് അതിന്റെ നേട്ടങ്ങൾ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. നവകേരളം കർമപദ്ധതിയുടെ നേട്ടങ്ങൾ നല്ലതുപോലെ കേളകത്തെ ജനങ്ങളിലേക്കും എത്തിക്കാൻ കേളകം ഗ്രാമപഞ്ചായത്തിലെ മുൻ എൽ. ഡി. എഫ് ഭരണസമിതിക്കും ഈ ഭരണസമിതിക്കും സാധിച്ചിട്ടുണ്ട്. കേളകം പി എച്ച് സി യിൽ ഡോക്ടർമാരുടെ എണ്ണം ഒന്നിൽ നിന്ന് മൂന്നാക്കി വർധിപ്പിക്കാനും ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചു. ഒ പി യിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലും വലിയ വർദ്ധനവ് ഉണ്ടായി. ഇപ്പോൾ ശരാശരി നൂറ്റി അമ്പതിൽ അധികം രോഗികൾ ദിവസവും വരുന്നുണ്ട്. 186 പേർക്ക് പാലിയേറ്റീവ് പരിചരണവും നൽകി വരുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 67 ലക്ഷം രൂപ മുടക്കിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമാണം കേളകം പി എച്ച് സി യിൽ നടന്നു വരുന്നു. ഇത് പൂർത്തിയാകുന്നതോടെ പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടും. കേളകം, അടക്കാത്തോട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനെസ്സ് സെന്ററുകളാക്കി ഉയർത്തുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായി വരുന്നു. അതോടൊപ്പം കുണ്ടേരി, ആനക്കുഴി, പൊയ്യമല എന്നിവിടങ്ങളിൽ പുതിയ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേളകത്തെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർധിച്ചു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യവും വിദ്യാഭ്യാസ നിലവാരവും വർധിച്ചു. ചെട്ടിയാംപറമ്പ് ഗവ: യു പി സ്കൂളിന് ഒരു കോടി രൂപ മുടക്കി പുതിയ കെട്ടിടം നിർമിച്ചു കഴിഞ്ഞു. അടക്കാത്തോട് ഗവ: യു പി സ്കൂളിന് പുതിയ കെട്ടിടം നിർമിക്കാൻ 1.23 കോടി രൂപ അനുവദിച്ചു. പ്രീ പ്രൈമറി വിദ്യാഭ്യാസം സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി ചെട്ടിയാംപറമ്പ്, അടക്കാത്തോട് ഗവ: യു പി സ്കൂളുകളിൽ വർണ്ണകൂടാരം ഒരുങ്ങിക്കഴിഞ്ഞു. ചെട്ടിയാംപറമ്പ്, കോളിത്തട്ട് സ്കൂളുകൾക്ക് 25 ലക്ഷം രൂപ വീതം ചുറ്റുമതിലിനും ലഭിച്ചു. ലൈഫ് പദ്ധതിയിൽ ഇതിനകം 147 വീടുകൾ നിർമിച്ചു നൽകി. ഇതിൽ 86 എണ്ണം ജനറൽ വിഭാഗത്തിന്റേതും 53 എണ്ണം എസ് റ്റി വിഭാഗത്തിന്റേതും 8 എണ്ണം എസ് സി വിഭാഗത്തിന്റേതും ആണ്. എഗ്രിമെന്റ് വെച്ച 27 എണ്ണം കൂടി മാർച്ച് മാസത്തോടെ പൂർത്തിയാകും. എഗ്രിമെന്റ് വെക്കാൻ ബാക്കിയുള്ള 128 വീടുകൾ കൂടി അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കാനാകും എന്ന് കരുതുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി വലിയ നേട്ടം ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. എല്ലാ വാർഡിലും ഹരിതകർമ സേനാ അംഗങ്ങളും കൃത്യമായ വാതിൽപടി സേവനവും ഈ ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ കേളകം ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷവും

സംസ്ഥാനത്ത് ഏറ്റവുമധികം താൽകാലിക തടയണകൾ നിർമിച്ച ഗ്രാമപഞ്ചായത്തായി കേളകം മാറി. നമ്മൾ തയ്യാറാക്കിയ നീർത്തടവികസന മാസ്റ്റർപ്ലാൻ സംസ്ഥാനത്തു തന്നെ ഏറ്റവും മികച്ചതായി അംഗീകരിക്കപ്പെട്ടു എന്നത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഏറെ അഭിമാനം പകരുന്നതാണ്. വളയംചാലിൽ പച്ചത്തുരുത്തും നാല് ജലസേചന കുളങ്ങളും 230 തടയണകൾ നിർമ്മിക്കാനും ഈ വർഷം സാധിച്ചിട്ടുണ്ട്. അതി ദാരിദ്ര്യം ഇല്ലാതാക്കാനുള്ള പ്രവർത്തനത്തിലും നമുക്ക് ഏറെ മുന്നേറാനായി. അതിദാരിദ്ര്യ പട്ടികയിൽപ്പെട്ട 14 പേർക്ക് ലൈഫ് പദ്ധതിയിൽ വീട് അനുവദിക്കുകയും അവയുടെ നിർമാണം പൂർത്തിയായി വരികയുമാണ്. ഇത്തരത്തിൽ നവകേരളം കെട്ടിപ്പെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്കൊപ്പം നല്ലനിലയിൽ മുപോട്ട് പോകാൻ കേളകം ഗ്രാമപഞ്ചായത്തിനും സാധിച്ചിട്ടുണ്ട്.

ക്ഷേമ വികസന പ്രവർത്തനങ്ങളിലൂടെയും മതനിരപേക്ഷത ഉയർത്തിപ്പിടിച്ചും രാജ്യത്തിന് തന്നെ മാതൃകയായി കേരളം മുന്നോട്ട് കുതിക്കുമ്പോഴാണ് കേന്ദ്ര സർക്കാർ പ്രതികാര മനോഭാവത്തോടെ കേരളത്തോട് പെരുമാറുന്നത്. ഉത്തർപ്രദേശിനും ഗുജറാത്തിനും ഒക്കെ വാരിക്കോരി ധനസഹായം നൽകുമ്പോൾ കേരളത്തിന് അർഹതപ്പെട്ടതിന്റെ പകുതി പോലും നൽകാതെ കടമെടുക്കാനുള്ള അനുവാദം പോലും നിഷേധിച്ചു കൊണ്ട് കേരളത്തെ തകർക്കാൻ ശ്രമിക്കുകയാണ്. കേന്ദ്രത്തിന്റെ ശത്രുതാപരമായ സമീപനം മൂലമുള്ള സാമ്പത്തിക ഞെരുക്കം ഗ്രാമപഞ്ചായത്തുകളെയും നല്ല നിലയിൽ ബാധിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രം 1921 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്ന് കിട്ടാനുള്ളത്. കൃത്യമായി വികസന ഫണ്ട് ലഭിക്കാത്തത് മൂലം നമ്മുടെ പദ്ധതി പ്രവർത്തനവും മന്ദഗതിയിലാണ്. ഇതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളും അതിന്റെ ഭാഗമായി വരുത്തിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളും കേളകം ഗ്രാമപഞ്ചായത്തിനെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധത്തിനെതിരെയും തെറ്റായ നിലപാടുകൾക്കെതിരെയും ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ട് വരാൻ നമുക്കും സാധിക്കേണ്ടതുണ്ട്.

ഈ സാമ്പത്തിക പശ്ചാത്തലത്തിലാണ് കേളകം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബജറ്റ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ബജറ്റിന്റെ ഭാഗമായി നാം തയ്യാറാക്കിയ വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പൂർത്തീകരിച്ചു വരുന്നതേ ഉള്ളൂ. എങ്കിലും നിരവധി നേട്ടങ്ങൾ ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. ബജറ്റിനു പുറത്ത് പദ്ധതിവിഹിതമോ തനതു ഫണ്ടോ ഉപയോഗിക്കാതെ നിരവധി നേട്ടങ്ങൾ സ്വന്തമാക്കാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞു എന്ന് അഭിമാനത്തോടെ പറയാം. വീട് വെക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം നൽകാനായി നവകേരള സദസ്സിന്റെ ഭാഗമായി രണ്ട് കുടുംബം മുന്നോട്ട് വന്നു. ശ്രീ കൊല്ലിയിൽ തങ്കച്ചന്റെ കുടുംബം 1.25 ഏക്കർ സ്ഥലവും ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ശ്രീമതി മേരിക്കുട്ടി കണ്ണിക്കുഴിയുടെ കുടുംബം 20 സെന്റ് സ്ഥലവും ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് സമ്മത പത്രം നൽകി. കുണ്ടേരിയിലെ അപ്പച്ചൻ മാഷ് അദ്ദേഹം നട്ടു വളർത്തിയ വിവിധയിനം മുളകൾ അടങ്ങിയ സ്ഥലം ഗ്രാമപഞ്ചായത്തിന് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നതിനായി കൈമാറാൻ സമ്മതപത്രം നൽകി. കരിയംകാപ്പിലെ ജസ്റ്റിൻ ചീരംവേലിൽ ' പ്ലേ 4 ഹെൽത്തി കേളകം ' പദ്ധതിയിൽ വോളിബോൾ കോർട്ട് നിർമ്മിക്കുന്നതിന് സ്ഥലം നൽകാൻ തയ്യാറായിട്ടുണ്ട്. ഇരട്ടത്തോട്ടിലെ കുര്യാക്കോസ് ആയത്തുകൂടി അദ്ദേഹം വളർത്തിയെടുത്ത മുളങ്കൂട്ടം അടങ്ങിയ 47 സെന്റ് സ്ഥലം പാർക്ക് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് കൈമാറാൻ സമ്മതം അറിയിച്ചിട്ടുണ്ട്. പൂവത്തിൻ ചോലയിലെ തോമസ് നടുവത്താനിൽ ഒരു ഏക്കർ സ്ഥലവും അനുജൻ ജോസഫ് നടുവത്താനിൽ 25 സെന്റ് സ്ഥലവും 'പ്ലേ 4 ഹെൽത്തി കേളകം' പദ്ധതിയുടെ ഭാഗമായി കളിക്കളം നിർമിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറാൻ സമ്മതം അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രവർത്തനങ്ങളോട് ചേർന്ന് നിൽക്കാനും വിവിധ ആവശ്യങ്ങൾക്ക് സ്ഥലം വിട്ടു നൽകാനും തയ്യാറായ സുമനസ്സുകളോടുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. മലയോര മേഖലയിൽ ഒരു ഗവ: ആർട്സ് & സയൻസ് കോളേജ് എന്ന ജനങ്ങളുടെ ദീർഘകാല സ്വപ്നത്തിന് നിറം പകരാൻ നാം നടത്തിയ പ്രവർത്തനം ഫലപ്രാപ്തിയിലേക്ക് അടുക്കുകയാണ്. കേളകത്ത് ഒരു ഗവ: ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കാൻ ഗവണ്മെന്റ് തീരുമാനിക്കുകയും ഉന്നതവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പരിശോധനയിൽ പൂർണ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. തുടർ നടപടികൾക്കായി ആവശ്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിച്ചു കൊണ്ടിരിക്കുകയാണ്. കോളേജിനാവശ്യമായ സ്ഥലം കണ്ടെത്തുക എന്ന ഏറ്റവും പ്രധാനപ്പെട്ട കടമ്പ നമ്മൾ തരണം ചെയ്തു. കോളേജിനാവശ്യമായ അഞ്ച് ഏക്കർ സ്ഥലം നമ്മൾ പഞ്ചായത്ത് വികസന സമിതിയുടെ സഹായത്തോടെ കണ്ടെത്തി. ചോലമറ്റം ബെസ്സി, ഡിബിൻ എന്നിവർ ചേർന്ന് രണ്ടേക്കർ സ്ഥലം സൗജന്യമായും മൂന്നേക്കർ സ്ഥലം മുപ്പത് ലക്ഷം രൂപക്കും നൽകാമെന്ന് സമ്മതിച്ചു. നാടിന്റെയാകെ വികസനത്തിന് ചെറിയ വിലക്ക് സ്ഥലം നൽകാൻ മുന്നോട്ട് വന്ന ബെസ്സിയേയും ഡിബിനെയും ഹൃദയത്തോട് ചേർത്ത് അഭിനന്ദിക്കുന്നു. ഗ്രാമപഞ്ചായത്ത് വികസന സമിതിയുടെ സഹായത്തോടെയാണ് സ്ഥലം വാങ്ങുന്നത്. നിലവിൽ വളയംചാൽ വിനോദ വിജ്ഞാന കേന്ദ്രത്തിനും, പാലുകാച്ചി ഇക്കോ ടൂറിസം പദ്ധതിക്കായി സെന്റ് തോമസ് മൗണ്ടിലും ഗ്രാമപഞ്ചായത്തിന് സ്ഥലം വാങ്ങി കൈമാറിയത് പഞ്ചായത്ത് വികസന സമിതിയാണ് ഗ്രാമപഞ്ചായത്ത് വികസന സമിതിയുടെ സഹായത്തെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. മൂന്ന് മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകരിച്ച് ഏറെക്കാലമായി വിസ്മൃതിയിലായിരുന്ന 120 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന അടക്കാത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി പുനരുജ്ജീവിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഇടപെടുകയും പദ്ധതി തുടങ്ങുന്നതിനുള്ള തുടർനടപടികൾ ആരംഭിക്കുകയും ചെയ്തു.

കഴിഞ്ഞ ബജറ്റ് കായിക മേഖലക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ളതായിരുന്നു. വകയിരുത്തിയ ഫണ്ട് പൂർണമായി ചിലവഴിക്കാൻ സാധിച്ചിട്ടില്ലെങ്കിലും വലിയ നേട്ടം കായിക മേഖലയിൽ ഉണ്ടാക്കാൻ സാധിച്ചു. ഗ്രാമപഞ്ചായത്ത് രൂപം നൽകിയ 'പ്ലേ 4 ഹെൽത്തി കേളകം പദ്ധതി' വിവിധ വിഭാഗം ജനങ്ങളുടെ നല്ല പിന്തുണയാണ് നേടിയത്. പദ്ധതിയുടെ ഭാഗമായി ഇരുന്നൂറോളം വിദ്യാർത്ഥികൾക്ക് ഫുട്ബോൾ വോളിബോൾ എന്നിവയിൽ പരിശീലനം നൽകി വരുന്നുണ്ട്. ഈ പദ്ധതിയുടെ നേട്ടം വിവിധ മേഖലകളിൽ കാണാനുണ്ട്. ഇത്തവണത്തെ ജില്ലാ സ്കൂൾ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻമാരായ അണ്ടർ 17,19 വിഭാഗം സബ്ജില്ലാ ടീമിലെ ഭൂരിഭാഗം കുട്ടികളും സ്പോർട്സ് അക്കാദമിയുടെ പരിശീലനം കിട്ടിയവരാണ്. ജില്ലാ ടീമിലേക്കും നമ്മുടെ കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചിട്ടുണ്ട്. എല്ലാ വാർഡിലും കളിക്കളങ്ങൾ കണ്ടെത്താനും സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കാനും ഉള്ള പ്രവർത്തനവും വിജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ കൈവശം കേളകം ബാവലിതുരുത്തിൽ ഉള്ള 2.74 ഏക്കർ സ്ഥലത്ത് ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, നീന്തൽക്കുളം എന്നിവ അടക്കമുള്ള സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ പദ്ധതി തിരുവനന്തപുരത്ത് ചേർന്ന അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കേളകം സ്പോർട്സ് അക്കാദമിയാണ് കായിക രംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അതിന്റെ ഭാരവാഹികൾക്കുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

2024-25 സാമ്പത്തിക വർഷം ടൂറിസം മേഖലക്കും കായിക മേഖലക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിവിധ പദ്ധതികൾ നടപ്പാക്കി കേളകത്തെ ടൂറിസം സൗഹൃദ ഗ്രാമവും സമ്പൂർണ കായിക ഗ്രാമവുമാക്കി മാറ്റണം എന്നതാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ലക്ഷ്യം.

## ടൂറിസം മേഖല

ടൂറിസം രംഗത്ത് വലിയ കുതിച്ചു ചാട്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ടൂറിസം സാധ്യതയുള്ള നിരവധി സ്ഥലങ്ങൾ ഉൾപ്പെട്ട പഞ്ചായത്താണ് നമ്മുടേത്. രണ്ടായിരം അടിയിൽ അധികം ഉയരമുള്ള നിരവധി മലനിരകൾ, മഴക്കാലത്ത് കയാക്കിങിനും റാഫ്റ്റിംഗിനും സാധ്യതയുള്ള രണ്ടു പുഴകൾ, സാഹസിക യാത്രക്ക് പറ്റിയ 10 കിലോമീറ്റർ നീളത്തിലുള്ള ആനമതിൽ, ചീങ്കണ്ണി പുഴയിലെയും, പാലുകാച്ചിയിലെയും ആയിരക്കണക്കിന് വരുന്ന പൂമ്പാറ്റകളുടെ ഒത്തു ചേരൽ, രാജമല വ്യൂ പോയിന്റ്, പാലുകാച്ചിമല, ആറളം വന്യമൃഗ സങ്കേതം, കണ്ടംതോട് പുൽമേട്, കോച്ചിക്കുളം തുടങ്ങി സാഹസിക ടൂറിസത്തിനും, മൺസൂൺ ടൂറിസത്തിനും അടക്കം ഉപയോഗപ്പെടുത്താവുന്ന നിരവധി ടൂറിസം സ്പോട്ടുകൾ കേളകത്തുണ്ട്. ഈ സാധ്യതകൾ ഉപയോഗപ്പെടുത്തി നമ്മുടെ പഞ്ചായത്തിന്റെ

സാന്നിധ്യവും ടൂറിസം രംഗത്ത് ഉറപ്പു വരുത്തുകയും സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരെ ഉൾപ്പെടെ ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റി അവരുടെ വരുമാനം വർധിപ്പിക്കാനുള്ള സാഹചര്യം കൂടി സൃഷ്ടിക്കാനാകും എന്ന് കരുതുന്നു. ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് ആരംഭിച്ച പാലുകാച്ചി ഇക്കോ ടൂറിസം പദ്ധതിക്കൊപ്പം പരമാവധി സ്വകാര്യ സംരംഭകരെ ഈ രംഗത്തേക്ക് എത്തിച്ച് ടൂറിസം വികസനം സാധ്യമാക്കുക എന്നതിനാണ് നാം പ്രാധാന്യം നൽകുന്നത്. കേളകം ഗ്രാമപഞ്ചായത്ത് മുന്നോട്ട് വെച്ച ഹരിത ടൂറിസം എന്ന ആശയത്തിന് നല്ല പിന്തുണയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. കേളകത്തിന്റെ പ്രകൃതി സൗന്ദര്യം, കാലാവസ്ഥാ വൈവിധ്യങ്ങൾ, കാർഷിക വിഭവങ്ങൾ, വ്യത്യസ്ത രുചികൾ ഉൾപ്പെടെയുള്ളവ സഞ്ചാരികളുടെ മുൻപിൽ വിഭവങ്ങളാക്കി അവതരിപ്പിക്കുക എന്നതാണ് ഗ്രാമപഞ്ചായത്ത് മുന്നോട്ട് വെച്ച ഈ ആശയത്തിൽ ഉള്ളത്. ഇതിന്റെ ഭാഗമായി രൂപീകരിച്ച കേളകം ഇക്കോ ടൂറിസം സൊസൈറ്റിയുടെ (ഗ്ലൂട) നേതൃത്വത്തിൽ ചടുലമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും ചില സംരംഭങ്ങൾ ഇതിനകം തന്നെ ആരംഭിക്കുന്നതിനും സാധിച്ചു എന്നത് ഗ്രാമപഞ്ചായത്തിന് ഏറെ ഊർജ്ജം പകരുന്നതാണ്. നിരവധി സ്വകാര്യ സംരംഭകരുമായി ഇതിനകം ചർച്ച നടത്തിക്കഴിഞ്ഞു. വളരെ പോസിറ്റീവ് ആയ സാഹചര്യമാണ് ടൂറിസം രംഗത്ത് രൂപപ്പെട്ട് വരുന്നത്. ഇതിന്റെ ഭാഗമായി രണ്ട് വലിയ സംരംഭങ്ങൾ തന്നെ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. റോപ് വേയും, ഗ്ലാസ്സ് ബ്രിഡ്ജുമടക്കമുള്ള ഒരു വലിയ സംരംഭം ഒരു വർഷത്തിനകം തന്നെ യാഥാർഥ്യമാകും എന്ന് കരുതുന്നു.ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത കുണ്ടേരിയിലെ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്കും, ഇരട്ടത്തോട്ടിലെ സ്ഥലത്ത് സുവർണ ജൂബിലി സ്മാരക പാർക്കും നിർമ്മിക്കും. അടുത്ത ഒരു വർഷം കൊണ്ട് നിരവധി ടൂറിസം പദ്ധതികൾ പഞ്ചായത്തിൽ ആരംഭിക്കാനും കേളകത്തെ മലയോര മേഖലയിലെ പ്രധാന ടൂറിസം കേന്ദ്രമാക്കി മാറ്റാനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ടൂറിസം രംഗത്തെ ഈ ഉണർവ്വ് നിലനിർത്തി ടൂറിസം സാധ്യതകൾ പരമാവധി വിനിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി പാലുകാച്ചി ഇക്കോ ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 83 ലക്ഷം രൂപയും കേളകം ബാവലി തുരുത്തിൽ ഹാപ്പിനെസ്സ് പാർക്ക് നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപയും ഹരിത ടൂറിസം പദ്ധതി പ്രോത്സാഹനത്തിനായി 1 ലക്ഷം രൂപയും ഉൾപ്പെടെ വിവിധ ടൂറിസം പദ്ധതികൾക്കായി 1,20,00,000 ( ഒരു കോടി ഇരുപത് ലക്ഷം ) രൂപ ബജറ്റിൽ വകയിരുത്തുന്നു. ഇതിനു പുറമെ 10 കോടി രൂപ സ്വകാര്യ നിക്ഷേപമായും പ്രതീക്ഷിക്കുന്നു.

## കായികമേഖല

കേളകത്തെ സമ്പൂർണ കായിക ഗ്രാമമാക്കുക എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം. ഇതിനായി ഗ്രാമപഞ്ചായത്തിന്റെ സുവർണ ജൂബിലി സമാപനത്തിൽ പ്രഖ്യാപിച്ച ജനകീയ കായിക പരിപാടിയായ പ്ലേ 4ഹെൽത്തി കേളകത്തിന്റെ ഒന്നാം

ഘട്ടം എന്ന നിലയിൽ 140 വിദ്യാർത്ഥികൾക്ക് ഫുട്ബോളിലും 40 വിദ്യാർത്ഥികൾക്ക് വോളിബോളിലും പരിശീലനം നൽകി വരുന്നുണ്ട്. ഇതിനു പുറമെ സ്കൂളുകൾക്കും പട്ടികവർഗ്ഗ ക്ലബ്ബുകൾക്കുമുള്ള കായിക ഉപകരണങ്ങളും വിതരണം ചെയ്തു കഴിഞ്ഞു. എല്ലാ വാർഡിലും കളിക്കളങ്ങൾ കണ്ടെത്തുക എന്നതാണ് പദ്ധതിയുടെ രണ്ടാം ഘട്ടം. ഭരണസമിതിയുടെ നിരന്തരമായ ഇടപെടലിന്റെ ഭാഗമായി എല്ലാ വാർഡിലും കളിക്കളത്തിനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ഈ മാസം അവസാനത്തോടെ സമ്പൂർണ കളിക്കളം പഞ്ചായത്തായുള്ള പ്രഖ്യാപനം നടത്താൻ സാധിക്കും എന്ന് കരുതുന്നു. അടുത്ത ഘട്ടം എല്ലാ വാർഡിലും സ്കൂളുകളിലും സ്പോർട്സ് ക്ലബ്ബുകൾ രെജിസ്റ്റർ ചെയ്യുക എന്നതാണ്. അതോടൊപ്പം കളിക്കളങ്ങളുടെ അടിസ്ഥാന സൗകര്യവും വർധിപ്പിക്കണം. പടിപടിയായി മുഴുവൻ ആളുകളെയും പദ്ധതിയുടെ ഭാഗമാക്കി മാറ്റണം. കായികരംഗത്തെ വിവിധ പദ്ധതികൾക്കായി 1,50,00,000 (ഒരു കോടി അമ്പത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## കാർഷിക മേഖല

കാർഷിക രംഗത്ത് കരിയംകാപ്പ് മുതൽ പാലുകാച്ചി വരെയുള്ള സ്ഥലത്തെ വന്യമൃഗ ശല്യം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകണം എന്നാണ് കരുതുന്നത്. ഇതിനായി 5 കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കും. അതിനായി 45 ലക്ഷം രൂപ നീക്കി വെക്കുന്നു . ഇതടക്കം കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി 66,00,000 (അറുപത്തിയാറ് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു ന്നു. മൃഗസംരക്ഷണ ക്ഷീര വികസന മേഖലക്കായി 32,50,000 (മുപ്പത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ദാരിദ്ര്യലഘൂകരണം

ലൈഫ് ഭവനപദ്ധതിയുടെ ലിസ്റ്റിൽ അവശേഷിക്കുന്ന മുഴുവൻ പേർക്കും വീട് നിർമിച്ചു നൽകും. ലൈഫ് ഭവനപദ്ധതിക്കായി ഈ സാമ്പത്തിക വർഷം 2.90 കോടി രൂപ ഹഡ്ക്കോ വായ്പ ഉൾപ്പെടെ 4,90,00,000 (നാല് കോടി തൊണ്ണൂറ് ലക്ഷം) രൂപ വകയിരുത്തുന്നു.

## വനിതാ ശിശു വികസനം

അംഗൻവാടികളുടെ പോഷകാഹാരം, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം, അംഗൻവാടികളുടെ മെയ്ന്റനൻസ്, ഫർണിച്ചർ എന്നിവക്കായി 49 ലക്ഷം രൂപയും. വനിതാ ക്ഷേമത്തിനുള്ള വിവിധ പദ്ധതികൾക്കായി 20,70,000 (ഇരുപത് ലക്ഷത്തി എഴുപതിനായിരം) രൂപയും അടക്കം വനിതാ ശിശു വികസന പദ്ധതികൾക്കായി 69,70,000 (അറുപത്തി ഒൻപത് ലക്ഷത്തി എഴുപതിനായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## വിദ്യാഭ്യാസ മേഖല

വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ. ക്ക് വിഹിതം നൽകൽ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 25,20,000 (ഇരുപത്തിയഞ്ച് ലക്ഷത്തി ഇരുപതിനായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ആരോഗ്യമേഖല

ആരോഗ്യ മേഖലയിൽ പി എച്ച് സി, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവക്ക് മരുന്ന്, സാന്ത്വന പരിചരണ പരിപാടി, ഡോക്ടർ, ലാബ് ടെക്നീഷ്യൻ തുടങ്ങിയവർക്കുള്ള ഹോണറേറിയം, ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 38,40,000 (മുപ്പത്തിഎട്ട് ലക്ഷത്തി നാല്പത്തിനായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## അതി ദാരിദ്ര്യം

അതി ദാരിദ്ര്യം ഇല്ലാതാക്കൽ ഇല്ലാതാക്കാനുള്ള വിവിധ പദ്ധതികൾക്കായി 9,50,000 (ഒൻപത് ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തുന്നു.

## ഭിന്നശേഷിവിഭാഗം

ഭിന്നശേഷി വിഭാഗക്കാരുടെ സ്കോളർഷിപ്പ് ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 13 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## വയോജനക്ഷേമം

വയോജന കലോത്സവം, വിനോദയാത്ര, വയോജനങ്ങൾക്ക് വീൽ ചെയർ, വാക്കിങ് സ്റ്റിക്ക്,വയോജന വിശ്രമ കേന്ദ്രത്തിന്റെ നവീകരണം ഉൾപ്പെടെ വയോജനങ്ങൾക്കായുള്ള വിവിധ പദ്ധതികൾക്കായി 9,78,000 (ഒൻപത് ലക്ഷത്തി എഴുപത്തി എട്ടായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## കുടിവെള്ളവിതരണം

പുതിയ കുടിവെള്ള പദ്ധതികൾ, ഇരട്ടത്തോാട് കുടിവെള്ള കിണർ നവീകരണം, കുടിവെള്ള വിതരണ പദ്ധതികൾക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ തുടങ്ങി വിവിധ പദ്ധതികൾക്കായി 36,20,000 (മുപ്പത്തിയാറ് ലക്ഷത്തി ഇരുപതിനായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ശുചിത്വം

റിങ് കമ്പോസ്റ്റ് വിതരണം, എം സി എഫ് കെട്ടിട നിർമാണ പൂർത്തീകരണം, വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ തുടങ്ങി വിവിധ ശുചിത്വ പദ്ധതികൾക്കായി 24 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## പൊതുഭരണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി 26,50,000 (ഇരുപത്തിയാറ് ലക്ഷത്തി അമ്പതിനായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## റോഡ്, വൈദ്യുതി

പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ നവീകരണത്തിനായി 2,50,00,000 (രണ്ട് കോടി അൻപത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.വിവിധ ഇലക്ട്രിക്കൽ വർക്കുകൾക്കായി 8 ലക്ഷം രൂപ വകയിരുത്തുന്നു. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 16,40,000 (പതിനാറ് ലക്ഷത്തി നാൽപതിനായിരം ) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി വിഭാഗത്തിന്റെ കോളർഷിപ്പ്, ഭവന നവീകരണം, പഠനമുറി ഉൾപ്പെടെയുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 7,65,000 (ഏഴ് ലക്ഷത്തി അറുപത്തി അയ്യായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന്റെ, ഭവന നവീകരണം, സ്കോളർഷിപ്പ്, പട്ടികവർഗ്ഗ കലോത്സവം, സ്കിൽ ട്രെയിനിങ് തുടങ്ങി വിവിധ പദ്ധതികൾക്കായി 31,96,000 (മുപ്പത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നീരുറവ് ജലബജറ്റ്, ജലാഞ്ജലി നീരുറവ് പദ്ധതികളുടെ ഭാഗമായി കൃഷി, മണ്ണ്, ജല സംരക്ഷണം,ജൈവ സംരക്ഷണം, ജീവനോപാധി സൃഷ്ടിക്കൽ, കമ്പോസ്റ്റ് പിറ്റ് സോക്പിറ്റ് നിർമാണം, കുളം നിർമാണം, നഴ്സറി സ്ഥാപിക്കൽ എന്നിവക്കും റോഡ് നിർമാണം, സ്റ്റേഡിയം നിർമാണം, ചുറ്റുമതിൽ നിർമാണം, റൂറൽ മാർക്കറ്റ് നിർമാണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കുമായി 8 കോടി രൂപ വകയിരുത്തുന്നു.

# കേളകം ഗ്രാമപഞ്ചായത്ത് 2024-25
# സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

## BUDGET STATEMENT

# KELAKAM Grama Panchayat

## Budget for the Year 2024-25

| | PARTICULARS | | Actuals for the year 2022-23 (2022-23ലെ കണക്ക്) | Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2024-25 (2024-25 ലെ ബജറ്റ്) |
|---|---|---|---|---|---|
| A | Opening balance(net) | ws-1 | 19,048,264.00 | 38,983,293.00 | 15,265,642.00 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | 5,267,576.00 | 6,500,000.00 | 8,100,000.00 |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 2,614,603.00 | 3,066,000.00 | 5,102,000.00 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 7,882,179.00 | 9,566,000.00 | 13,202,000.00 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 7,573,500.00 | 10,116,000.00 | 11,480,000.00 |
| F | **Total - ആകെ** | (D+E) | 15,455,679.00 | 19,682,000.00 | 24,682,000.00 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകള്- പദ്ധതി ചെലവുകൾക്ക് | BS-4 | 57,002,168.00 | 94,166,327.00 | 149,641,790.00 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകള്- പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 28,759,700.00 | 31,000,000.00 | 66,000,000.00 |
| I | **Toal Revenue Income - ആകെ റവന്യൂ വരവുകൾ** | (F+G+H) | 101,217,547.00 | 144,848,327.00 | 240,323,790.00 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 502,006.00 | 600,000.00 | 29,040,000.00 |
| K | er than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 18,223,252.00 | 43,276,476.00 | 53,834,210.00 |
| L | **Total Capital Income-ആകെ മൂലധന വരവുകൾ** | (J+K) | 18,725,258.00 | 43,876,476.00 | 82,874,210.00 |
| M | **Total Income - ആകെ വരവുകൾ** | (I+L) | 119,942,805.00 | 188,724,803.00 | 323,198,000.00 |

## BUDGET STATEMENT

# KELAKAM Grama Panchayat

## Budget for the Year 2024-25

| | PARTICULARS | | Actuals for the year 2022-23 (2022-23ലെ കണക്ക്) | Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2024-25 (2024-25 ലെ ബജറ്റ്) |
|---|---|---|---|---|---|
| N | **Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 138,991,069.00 | 227,708,096.00 | 338,463,642.00 |
| O | Revenue Expenditure-Statutory functions - റവന്യൂ ചെലവുകള്-അനിവാര്യ ചുമതലകൾക്ക് | BS-8 | 13,309,930.00 | 17,510,000.00 | 21,736,015.00 |
| P | Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 44,174,068.00 | 149,702,454.00 | 176,953,284.00 |
| Q | Revenue Expenditure-Non-Plan- റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 28,759,700.00 | 31,000,000.00 | 66,000,000.00 |
| R | **Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ** | (O+P+Q) | 86,243,698.00 | 198,212,454.00 | 264,689,299.00 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള്-വായ്പ തിരിച്ചടവ് | BS-11 | 502,006.00 | 600,000.00 | 630,000.00 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 13,262,072.00 | 13,630,000.00 | 70,198,358.00 |
| U | **Total Capital Expenditure - ആകെ മൂലധന ചെലവുകൾ ചെലവുകൾ** | (S+T) | 13,764,078.00 | 14,230,000.00 | 70,828,358.00 |
| V | **Total Expenditure - ആകെ ചെലവുകൾ** | (R+U) | 100,007,776.00 | 212,442,454.00 | 335,517,657.00 |
| W | **Closing Balance - നീക്കി ബാക്കി** | (N-V) | 38,983,293.00 | 15,265,642.00 | 2,945,985.00 |

## KELAKAM Grama Panchayat : Budget For The Financial Year 2024-25

| BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ) | | | | |
|---|---|---|---|---|
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-23 (2022-23ലെ കണക്ക്) | Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2024-25 (2024-25 ലെ ബജറ്റ്) |
| 110 10 01 | Property Tax-വസ്തു നികുതി | 3637376 | 4700000 | 6000000 |
| 110 20 01 | Profession Tax-തൊഴിൽ നികുതി | 1630200 | 1800000 | 2100000 |
| **110** | **Total-Tax Revenue-ആകെ നികുതി വരവ്** | **5267576** | **6500000** | **8100000** |
| **BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)** | | | | |
| **130** | **Rental Income from Panchayat Properties** | | | |
| 130 10 01 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 839471 | 842000 | 845000 |
| **130** | **Total-Rental Income from Panchayat Properties** | **839471** | **842000** | **845000** |
| **140** | **Fees & User Charges** | | | |
| 140 10 01 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 1162 | 3000 | 5000 |
| 140 11 01 | Licence Fees-ലൈസൻസ് ഫീസ് | 384350 | 430000 | 450000 |
| 140 12 01 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 313373 | 330000 | 2000000 |
| 140 13 01 | Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 10797 | 15000 | 20000 |
| 140 20 01 | Penalties and Fines-ഫൈൻ | 109889 | 150000 | 230000 |
| 140 40 01 | Miscellaneous Fees-മറ്റ് ഫീസുകൾ | 43240 | 75000 | 100000 |
| 140 50 01 | User Charges Collected-യൂസർ ചാർജ് | 17963 | 100000 | 125000 |

| | | | | |
|---|---|---|---|---|
| 140 70 01 | Service/ Administrative Charges -സർവീസ്/അട്മിനിസ്ട്രേറ്റിവ് ചാർജുകൾ | 61078 | 75000 | 100000 |
| **140** | **Total-Fees & User Charges-** | **941852** | **1178000** | **3030000** |
| **150** | **Sale & Hire Charges** | | | |
| 150 11 01 | Sale of Forms-ഫാറം വില | 269284 | 300000 | 350000 |
| 150 12 01 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 37605 | 45000 | 75000 |
| **150** | **Total-Sale & Hire Charges** | **306889** | **345000** | **425000** |
| **151** | **Receipts from Transferred Institutions** | | | |
| 151 10 01 | Receipts from Transferred Institutions | | 1000 | 2000 |
| **151** | **Total-Receipts from Transferred Institutions** | **0** | **1000** | **2000** |
| **170** | **Income from Investments** | | | |
| **170** | **Total-Income from Investments** | **0** | **0** | **0** |
| **171** | **Interest Earned** | | | |
| 171 10 01 | Interest from Bank Accounts -ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 526391 | 700000 | 800000 |
| **171** | **Total-Interest Earned** | **526391** | **700000** | **800000** |
| **180** | **Other Income** | | | |
| **180** | **Total-Other Income-മറ്റ് വരവുകൾ -ആകെ** | **0** | **0** | **0** |
| | **Total-Non tax revenue -ആകെ നികുതിയിതര വരവുകൾ** | **2614603** | **3066000** | **5102000** |
| | **BS-3 - GENERAL PURPOSE FUND ജനറൽ പർപ്പസ് ഫണ്ട്** | | | |
| | General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | 7573500 | 10116000 | 11480000 |
| | **Total-General purpose fund -ജനറൽ പർപ്പസ് ഫണ്ട്** | **7573500** | **10116000** | **11480000** |

## BS-4 -REVENUE INCOME-PLAN GRANTS
(പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ )

| | | | | |
|---|---|---|---|---|
| **311** | **Revenue Grants, Funds, Contributions & Compensations** | | | |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 4201682 | 4753000 | 66500000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത് | 25073992 | 59278867 | 25073990 |
| 3202001 | Development Fund-വികസന ഫണ്ട് | 13047097 | 15938300 | 47867800 |
| 3202002 | Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ | 685000 | 680000 | 0 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme ) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം- | 853427 | 1132160 | 10000000 |
| 3208001 | Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 13140970 | 12084000 | 200000 |
| | **Revenue Grants, Funds, Contributions & Compensations** | **57002168** | **94166327** | **149641790** |

## BS-5-REVENUE INCOME- NON PLAN GRANTS
(പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ )

| | | | | |
|---|---|---|---|---|
| **160** | **Revenue Grants, Funds, Contributions & Compensations** | | | |

| | | | | |
|---|---|---|---|---|
| 160 10 03 | State Sponsored Schemes (not included under Decentralised Plan Programme )സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 28759700 | 31000000 | 66000000 |
| **160** | **Total-Revenue Grants, Funds, Contributions & Compensations** | **28759700** | **31000000** | **66000000** |
| | **BS-6 - CAPITAL INCOME- LOANS (വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ് )** | | | |
| **330** | **loans** | | | |
| 330 50 02 | loans - Loan from Financial Institutions -മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | 502006 | 600000 | 29040000 |
| **330** | **Total-loans-ആകെ വായ്പകൾ** | **502006** | **600000** | **29040000** |
| | **BS-7- CAPITAL INCOME - OTHER THAN LOANS ( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ )** | | | |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) | | | 7500000 |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1842176 | 3169000 | 15000000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത് | 7138467 | 29819717 | 8726010 |
